# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ: കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നംമ്പർ : 365/11/12/2024/ TVM**

പരാതികക്ഷികൾ : 1) സൈനുദ്ദീൻ

2) ജുമൈലാ ബീവി.എം
സുരയ്യ മൻസിൽ,കന്യാകുളങ്ങര
വെമ്പായം, തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 06.06.2024**

പരാതിക്കാർ കർഷകരാണെന്നും, പരാതികക്ഷിയും ഭാര്യയും ചേർന്ന് ഫെഡറൽ ബാങ്കിൽ നിന്നും 2017 വർഷത്തിൽ 8 ലക്ഷം രൂപ കാർഷിക വായ്പ എടുത്തിരുന്നതായും, 2018 ൽ ഉണ്ടായ പ്രകൃതിക്ഷോഭവും കൂടാതെ വന്യമൃഗ ശല്യവും കാരണം കൃഷി ചെയ്തുകൊണ്ടിരുന്ന വാഴ, മരിച്ചീനി, കരനെല്ല്, കുരുമുളക്, വെറ്റിലക്കൊടി എന്നിവ പൂർണ്ണമായും നശിച്ചതായും, കൃഷി ഓഫീസർ സ്ഥലം സന്ദർശിച്ച് നഷ്ടത്തിന്റെ വ്യാപ്തി നേരിൽ ബോധ്യപ്പെട്ട് നഷ്ടം പരിഹരിക്കാൻ കടാശ്വാസ കമ്മീഷനിൽ നൽകാനായി സർട്ടിഫിക്കറ്റ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ രേഖകൾ സഹിതം കടാശ്വാസ കമ്മീഷനിൽ അപേക്ഷ നൽകിയെങ്കിലും സഹകരണ ബാങ്കിൽ നിന്നും എടുത്ത കാർഷിക വായ്പകൾ മാത്രമെ കടാശ്വാസ കമ്മീഷന് പരിഗണിക്കാൻ കഴിയുകയുള്ളൂവെന്ന് പറഞ്ഞ് അപേക്ഷ നിരസിക്കുകയുണ്ടായതായും, ഈ നടപടി കർഷകരോട് കാണിക്കുന്ന വിവേചനമാണെന്നും, ഇതു സംബന്ധിച്ച് ധാരാളം നിവേദനങ്ങൾ സർക്കാരിന്റെ വിവിധ അധികാര സ്ഥാപനങ്ങളിൽ നൽകിയെങ്കിലും യാതൊരു നടപടിയും ഉണ്ടായിട്ടില്ലായെന്നും തനിക്ക് നീതി ലഭ്യമാക്കാനുള്ള നടപടി ഉണ്ടാകണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി,കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ റിപ്പോർട്ടുകൾ സമർപ്പിച്ചു.

വാണിജ്യ/ ദേശസാൽകൃത ബാങ്കുകളെ സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്ന വിഷയം സർക്കാർ പരിശോധിക്കുകയും 'ബാങ്കിംഗ്' എന്ന വിഷയം ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിൽ വരുന്ന കാര്യമായതിനാൽ നാഷണലൈസ്ഡ്/വാണിജ്യ ബാങ്കുകളെ സംസ്ഥാന കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കയില്ലെന്ന് തീരുമാനിച്ചിട്ടുള്ളതായും കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ കാണുന്നു.

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ നിലവിലുള്ള മാനദണ്ഡപ്രകാരം ബാങ്ക് വായ്പ തിരിച്ചടവിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകാൻ വ്യവസ്ഥയില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

റിപ്പോർട്ടിന്മേൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. തനിക്കും ഭാര്യയ്ക്കുമായി ഏകദേശം 5 ലക്ഷം രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുള്ളതായും, മുതിർന്ന പൗരന്മാരും രോഗികളുമായ പരാതിക്കാർക്ക് വായ്പ പൂർണ്ണമായും തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലായെന്നും, തങ്ങൾക്ക് സംഭവിച്ച കൃഷിനാശം വെമ്പായം കൃഷി ഓഫീസറും, തേക്കട വില്ലേജ് ഓഫീസറും നേരിൽ കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതും, മതിയായ നഷ്ടപരിഹാരത്തിനായി സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിട്ടുള്ളതുമാണെന്നും പരാതികക്ഷി പറയുകയുണ്ടായി.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടുകളും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. പരാതികക്ഷികൾ കൃഷിയെ മാത്രം ആശ്രയിച്ച് കഴിയുന്നവരും, പ്രകൃതിക്ഷോഭം മൂലവും വന്യമൃഗങ്ങളുടെ ആക്രമണം മൂലവും വിളനാശം സംഭവിച്ചിട്ടുള്ളതായി പരാതിയോടൊപ്പം ഹാജരാക്കിയ വെമ്പായം കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ നിന്നും കമ്മീഷൻ മനസ്സിലാക്കുന്നു. കാർഷിക കടാശ്വാസത്തിൻെറ ആനുകൂല്യം വാണിജ്യ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത കർഷകർക്ക് ലഭിക്കാതിരിക്കുന്നത് വിവേചനമാണെന്ന പരാതിക്കാരൻെറ വാദം ന്യായമാണെന്ന് കമ്മീഷൻ കരുതുന്നു. വാണിജ്യ/ ദേശസാൽകൃത ബാങ്കുകളിൽ നിന്നും കാർഷിക വായ്പ എടുക്കുകയും പ്രകൃതിക്ഷോഭം മുലമോ വന്യമൃഗങ്ങളുടെ ആക്രമണം മുലമോ വിളനാശം സംഭവിച്ചിട്ടുള്ള യഥാർഥ കർഷകർക്കുകൂടി സർക്കാരിൻെറ ആശ്വാസവും പരിഗണനയും ലഭ്യമാക്കേണ്ടതാണ്. കടാശ്വാസ കമ്മീഷൻെറ പരിധിയിൽ ഈ കർഷകർ നിയമപ്രകാരം വരുന്നില്ലെങ്കിൽ അവർക്ക് സംഭവിച്ച കൃഷി നാശത്തിന് മതിയായ നഷ്ടപരിഹാരമെങ്കിലും ലഭ്യമാക്കേണ്ടതാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു.

ആയതിനാൽ വിളനാശം സംഭവിച്ചിട്ടുള്ള പരാതികാർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം ലഭ്യമാക്കാനുള്ള നടപടി ഉണ്ടാകണമെന്ന് കൃഷി വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് കൃഷി വകുപ്പ് ഡയറക്ടർക്കും പരാതികക്ഷിക്കും അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്

**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ